# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പറവൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2019-2020

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)957/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/08/2021
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷ്ണർ ,എറണാകുളം

3)ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)957/2020 തീയ്യതി: 10/08/2021

## എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം

നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ.ജി. | ജോയിന്റ് ഡയറക്ടർ | 15-07-2020 | 24-07-2020 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2020 | 24-07-2020 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സലാം ടി.ഐ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ടിനു കെ.ജെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. യേശുദാസ് പറപ്പിള്ളി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീദേവി കെ.ജി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സോഫിയ എ.എ. | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 01-04-2019 | 31-08-2019 |
| ശ്രീമതി ജിഷ പി.ജി. | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 01-09-2019 | 31-03-2020 |
| ഡോ.വിനോദ് പൗലോസ് | മെഡിക്കൽ ഓഫീസർ, ഏഴിക്കര സി.എച്ച്.സി | 01-04-2019 | 03-04-2019 |
| ഡോ. പ്രീതി വി. | മെഡിക്കൽ ഓഫീസർ, ഏഴിക്കര സി.എച്ച്.സി | 04-04-2019 | 31-03-2020 |
| ഡോ. ശോഭ | മെഡിക്കൽ ഓഫീസർ, മൂത്തകുന്നം സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി അംബിക എ.എസ്. | ശിശുവികസന പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി മഞ്ജു പി. വാസു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സലിത | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 07-06-2019 |
| ശ്രീ. ബോബി മാത്യു | പട്ടികജാതി വികസന ഓഫീസർ | 08-06-2019 | 31-03-2020 |
| ശ്രീ. സ്വാമിനാഥൻ വി.വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീമതി രമ്യ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2019 | 31-03-2020 |
| ശ്രീമതി മഞ്ജു പി. വാസു | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. തരുൺ കുമാർ വി.ആർ. | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

.

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | സാംഖ്യാ രസീത് സ്റ്റേഷനറികളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-12 |
| 13 | വാടക - രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-13 |
| 14 | തുക മുൻകൂർ നൽകിയിട്ടും സി.എച്ച്.സി ക്ക് ലഭ്യമാവേണ്ട അവശ്യ ഉപകരണങ്ങളും മരുന്നുകളും ലഭ്യമായില്ല | 1-14 |

| | | |
|---|---|---|
| 15 | പാൽ വില സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-15 |
| 16 | ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ബ്ളോക്ക് വിഹിതം കൈമാറിയത് | 1-16 |
| 17 | ഇ- ടെണ്ടർ - ഫോറം വില - സംബന്ധിച്ച് | 1-17 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്-സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം –1
# പൊതു അവലോകനം ഓഡിറ്റ് റിപ്പോർട്ട്

## 1–1 ബജറ്റ്

16.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1–2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019–20 | 31.7.2019 | 25.05.2020 |

## 1–3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 64,52,898 |
| വരവ് | 3,76,13,578 |
| ആകെ | 4,40,66,476 |
| ചെലവ് | 3,95,14,473 |
| നീക്കിയിരിപ്പ് | 45,52,003 |

## 1–4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് | ചെലവ് ലാപ്സ് ആയ തുകയുടെ വിവരം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 00 | 31577000 | 31577000 | 19578000 | 11999000 | 00 |
| എസ്.സി.പി | 00 | 12538000 | 12538000 | 9065705 | 3472295 | 00 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി | 00 | 623000 | 623000 | 00 | 623000 | 00 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 00 | 4130000 | 4130000 | 2221846 | 1908154 | 00 |
| സാനിറ്റേഷൻ | 2290581 | 54468 | 2345049 | 64303 | -- | 2280746 |
| എം.കെ.എസ്.പി | 147 | 100 | 247 | 0 | -- | 247 |
| സാക്ഷരത | 5420 | 183 | 5603 | 5156 | -- | 447 |
| ഐ.എ.വൈ(അഡ്മിൻ) | 351 | 0 | 351 | 351 | -- | 0 |
| ഇ.എം.എസ് ഹൗസിംഗ് | 900 | 0 | 900 | 0 | -- | 900 |
| ഐ.എ.വൈ 2 | 2451183 | 0 | 2451183 | 2151140 | -- | 300043 |
| സംയുക്ത പദ്ധതി | | 300000 | 300000 | 300000 | -- | 0 |
| STSB14/16 RIDF | 100 | 0 | 100 | 0 | -- | 100 |
| തനത് ഫണ്ട് | 1704216 | 4493000 | 6197216 | 4227696 | -- | 1969520 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 87 | 42747000 | 44 | 28643705 | 43 | 0 | 50.60 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2020ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം കളക്ഷനില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ എഴുതി സൂക്ഷിക്കേണ്ട ഇൻകംബെൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, കണ്ടിൻജെന്റ് ബിൽ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ജനറൽ മിനിറ്റ്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.
മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണം നടത്തിയ ആശുപത്രിയിലേക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം തുക ചെലവഴിച്ചുവെങ്കിലും ആവശ്യമായ ഉപകരണങ്ങൾ സമയബന്ധിതമായി ലഭിച്ചിട്ടില്ല.

ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

മരാമത്ത് ബില്ലുകളിൽ 12% GST ഉൾപ്പെടെയുള്ള തുകയാണ് കരാറുകാർക്ക് നൽകിവരുന്നത്. ടി GST തുക കരാറുകാരൻ അടവാക്കിയതിന്റെ തെളിവുകൾ ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.05.2019 മുതൽ 13.05.2019 വരെ | 2018 –2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.03.2018 മുതൽ 27.03.2018 വരെ | 2012–13 മുതൽ 2014–15 വരെ | |

## 1–11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഇല്ല

## 1–12 സാംഖ്യാ രസീത് സ്റ്റേഷനറികളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

സാംഖ്യാ രസീത് സ്റ്റേഷനറികളുടെ വിനിയോഗം ശരിയായ രീതിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. 01–04–2018 ൽ നം. 1206174 മുതൽ 1206250 വരെ സ്റ്റേഷനറികൾ ഇഷ്യൂ ചെയ്തതായാണ് അവസാനമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തൻവർഷം 1206249 മുതൽ 1206300 വരെ നമ്പർ സ്റ്റേഷനറികൾ ഉപയോഗിച്ചിട്ടുണ്ട്.1206251 മുതൽ 1206300നമ്പർ വരെയുള്ള സ്റ്റേഷനറികളുടെ കൈപ്പറ്റ് വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് ഉപയോഗിച്ചിരിക്കുന്നത്. സ്റ്റേഷനറികളുടെ മുന്നിരിപ്പ്, വരവ്, വിനിയോഗം, നീക്കിയിരിപ്പ് വിവരങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1–13 വാടക – രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പറവൂർ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പുതുതായി പണി കഴിപ്പിച്ചതും ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ വനിതാ കാന്റീൻ പ്രതിമാസം 1000 രൂപാ നിരക്കിലും,വനിതാ നൈപുണ്യ വികസന കേന്ദ്രം കെട്ടിടം പ്രതിദിനം 200 രൂപാ നിരക്കിലും വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച് വാടക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വാടക നിരക്ക്, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ കൃത്യമായി രേഖപ്പെടുത്തി വാടക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 25–06–2019ൽ ചേർന്ന കമ്മിറ്റിയുടെ തീരുമാനം 2/10 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ നൈപുണ്യ വികസനകേന്ദ്രം കെട്ടിടം പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിലേക്കായി വാടകയ്ക്ക് നൽകണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ

ടെലഫോൺ മുഖാന്തിരം ആവശ്യപ്പെട്ടതനുസരിച്ച് ഈ കെട്ടിടം പ്രതിദിനം 200 രൂപാ നിരക്കിൽ വാടകയ്ക്ക് പട്ടികജാതി വികസന വകുപ്പ് നിർദ്ദേശിക്കുന്ന ഏജൻസിക്ക് പരിശീലന പരിപാടിക്കായി കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് കമ്മിറ്റി തീരുമാനമല്ലാതെ കരാറോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷം ഈ കെട്ടിടം എത്ര ദിനം വാടകയ്ക്ക് നൽകിയെന്നോ, എത്ര രൂപ വരവ് വന്നെന്നോ സംബന്ധിച്ച് രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ വാടക കരാറിലേർപ്പെടേണ്ടതും വാടക നിരക്ക്, ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവ കൃത്യമായി രേഖപ്പെടുത്തി വാടക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-14 തുക മുൻകൂർ നൽകിയിട്ടും സി.എച്ച്.സി ക്ക് ലഭ്യമാവേണ്ട അവശ്യ ഉപകരണങ്ങളും മരുന്നുകളും ലഭ്യമായില്ല

പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ അവശ്യ മരുന്ന്, ലബോറട്ടറി ഉപകരണങ്ങൾ, വീൽ ചെയർ, സ്റ്റാറ്റിക് സൈക്കിൾ എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിന് തുക നൽകിയിരുന്നെങ്കിലും നാളിതു വരെയും ഇവ പൂർണ്ണമായി ലഭിച്ചിട്ടില്ല. KMSCL ൽ നിന്നും മരുന്ന്, അത്യാവശ്യ ഉപകരണങ്ങൾ എന്നിവ ലഭ്യമാകാൻ കാലതാമസം നേരിടുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| പദ്ധതി വിവരം | ലഭിക്കാത്ത ഇനം | ലഭിക്കാത്തവയുടെ മൂല്യം | ബിൽ നം, തീയതി |
|---|---|---|---|
| 15/2019-2020,<br>ഏഴിക്കര, മൂത്തകുന്നം സി.എച്ച്.സികളിലേക്ക് മരുന്ന് വാങ്ങൽ,<br>അടങ്കൽ:800000<br>ചെലവ്:800000 | മരുന്ന് | 694149 | 1) 7/19-20<br>31.08.2019<br>2)9/19-20<br>31.08.2020 |
| 71/2019-2020,<br>ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ, ( SO)<br>അടങ്കൽ:115012 | മരുന്ന് | 70099 | 18/19-20<br>25.10.2019 |

| | | | |
|---|---|---|---|
| ചെലവ് :115010 | | | |
| 72/2019-2020,<br>അലോപ്പതിക് ആശുപത്രികളിലേക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ, (SO),<br>അടങ്കൽ:135338<br>ചെലവ് : 135338 | ലബോറട്ടറി ഉപകരണങ്ങൾ | 49999 | 5/19-20<br>27.06.2019 |
| 88/2019-2020,<br>ക്യാൻസർ വിമുക്ത എറണാകുളം - ബ്ലോക്ക് തല പരിശീലന പരിപാടി,<br>അടങ്കൽ:200000<br>ചെലവ് : 199999 | മരുന്ന് | 116899 | 36/19-20<br>13.03.2020 |
| 14/2019-20<br>സെക്കന്ററി പാലിയേറ്റീവ് കെയർ,<br>അടങ്കൽ:1000000<br>ചെലവ് :895735 | മരുന്ന് | 157480 | 34/19-20<br>24.01.2020 |
| | വീൽ ചെയർ | 29324 | 48/19-20<br>20.02.2020 |
| | സ്റ്റാറ്റിക് സൈക്കിൾ | 22979 | 54/19-20<br>10.03.2020 |
| | മരുന്ന് | 150000 | 17/19-20<br>25.10.2019 |

| | |
|---|---|
| ആകെ | 1290929/- |

മേൽ ചേർത്ത പ്രകാരം സി.എച്ച്.സി ക്ക് ലഭിക്കാനുള്ള 102302/- രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ, സ്റ്റാറ്റിക് സൈക്കിൾ, വീൽചെയർ, 1188627/- രൂപയുടെ മരുന്നുകൾ എന്നിവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 പാൽ വില സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പാൽ വില സബ്സിഡി |
| പ്രോജക്ട് നമ്പർ | 53/2019-20 |
| ഫണ്ടിനം | പൊതുവിഭാഗം |
| അടങ്കൽ | 1215000/- |
| ചെലവ് | 453233/- |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പാൽ വില സബ്സിഡി പദ്ധതി പ്രകാരം പറവൂർ ബ്ലോക്കിലെ 5 പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം നൽകിയിരുന്നു. എന്നാൽ ഏഴിക്കര ഗ്രാമ പഞ്ചായത്തിന് പദ്ധതി വിഹിതമായി നൽകിയ 29024/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-16 ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ബ്ളോക്ക് വിഹിതം കൈമാറിയത്

| | |
|---|---|
| പ്രോജക്ട് നമ്പർ<br>പ്രോജക്ടിന്റെ പേര് | എസ്062/20<br>ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ബ്ളോക്ക് വിഹിതം കൈമാറിയത് |
| അടങ്കൽ | 1500000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| ചെലവ് വിവരം | 1500000/- (ബിൽ നം.1/19-20 തീ 17.08.2019 |

കോട്ടവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള 1500000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സ്ഥലം വാങ്ങിയതിന്റെ രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1 ന് ശിശു വികസന ഓഫീസർ നൽകിയ മറുപടിയിൽ 2019-20 വർഷം ടി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്ത് ടി പദ്ധതി സ്പിൽ ഓവറായി തുടർന്നു വരികയാണെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നത് വരെ മേൽ തുകയായ 1500000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 ഇ- ടെണ്ടർ - ഫോറം വില - സംബന്ധിച്ച്

ഇ -ടെണ്ടർ ഫോറമിനത്തിൽ ലഭിക്കേണ്ട വരുമാനം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടറുകളുടെ ഫോറം വിലയായി ലഭിക്കുന്ന തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് മാറ്റപ്പെടുന്നത്. ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുകയാണ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഉള്ളത്. 2018-19, 19-20 വർഷങ്ങളിൽ ഇ-ടെണ്ടർ ഫോറമിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വാറ്റിനത്തിൽ പിരിച്ചെടുത്ത തുക ഒടുക്കിയിട്ടുണ്ടാകുമെന്നതിനാൽ ആയതിന്റെ വിവരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വർഷം | ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | ആകെ തുക |
|---|---|---|
| 2018-19 | 31 | 79400/- |
| 2019-20 | 29 | 77573/- |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 07.08.2019 & 08.08.2019 | കെ.എസ്.എ-ഇ.കെ.എം (പിജി) 1368/ (9) 2019 തീ. 24. 08. 2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY- ലോൺ | | 6637500 | 6602530 | 1841131 | | 4761399 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-6 | 2007-08 | 3.46.1 | വനിത SHGക്ക് RF നൽകിയത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-9 ചാർജ്ജ്-സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | രു.3,76,13,578 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രു.3,95,14,473 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | രു.15,00,000 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 15,00,000 | ശ്രീമതി അംബിക.എ.എസ് (സി ഡി പി ഒ) |
| ആകെ | 15,00,000 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ**

| | | |
|---|---|---|
| ശ്രീമതി അംബിക.എ.എസ് (സി ഡി പി ഒ) | പറമ്പത്ത് ശിവരഞ്ജിനി പെരിവാരം, നോർത്ത് പറവൂർ | ഔദ്യോഗിക മേൽവിലാസം ലഭ്യമായില്ല |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002-03 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2014-15 & 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2017-18 | കെ.എസ്.എ.-ഇകെഎം (ബി.പി)256/2019 തീ.11.07.2019 |
| 2018-19 | കെ.എസ്.എ.-ഇകെഎം (ബി.പി)1688/2019 തീ.16.11.2019 |

**ജോയിന്റ് ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

# അനുബന്ധം–1

## ഓഡിറ്റ് സാക്ഷ്യപത്രം

1994–ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4–ാം വകുപ്പും 1994–ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215–ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021–ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019–2020–ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 295(4),കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **PARAVUR** Block Panchayat in Ernakulam District for the year ended on 31.03.2020 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Paravur Block Panchayat for the year 2019-20 subject to the observations in Annexure-2, properly presents the picture of income, expenditure and closing balance.

**JOINT DIRECTOR**
**Kerala State Audit Department**
**Ernakulam**

sj